# <u>ക്വട്ടേഷൻ</u>

RBDCK/ Mulamkunnathukavu ROB/40/ 2025 തീയതി: 04.11.2025

തൃശൂർ ജില്ലയിൽ മുളംകുന്നത്തുകാവ് റെയിൽവേ മേൽപ്പാലത്തിന്റെ ടോൾ ബൂത്ത്, Truss work പൊളിച്ചു വിൽക്കുന്നതിനുവേണ്ടി കൂടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി താത്പര്യമുള്ളവരിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | | |
|---|---|---|---|
| 1. | നീക്കം ചെയ്യുന്നതിനുള്ള സമയപരിധി | : | 10 ദിവസം |
| 2. | ഫോറം ലഭ്യത | : | 04.11.2025 to 10.11.2025<br>(10.00 AM മുതൽ 3.45 PM വരെ) |
| 3. | ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും | : | 10.11.2025 (സമയം 4 PM മണി വരെ) |
| 4. | ക്വട്ടേഷൻ സമർപ്പിക്കേണ്ട സ്ഥലം | : | ആർ.ബി.ഡി.സി.കെ. ആഫീസ് |
| 5. | ക്വട്ടേഷൻ തുറക്കൽ | : | 11.11.2025 (സമയം 1.00 PM മണി) |

കൂടുതൽ വിവരങ്ങൾക്കും നിബന്ധനകൾക്കും ആർ.ബി.ഡി.സി.കെ ഓഫീസുമായി ബന്ധപ്പെടുക.

ഫോൺ : 0484 – 2338205, 2338206

**Sd/-**

**ജനറൽ മാനേജർ**
**ആർ.ബി.ഡി.സി.കെ**

റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

## നിബന്ധനകൾ

1. മുളംകുന്നത്തുകാവ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ സ്ഥലത്തുള്ള ടോൾബൂത്ത് വിൽക്കുന്നതിന് വേണ്ടിയുള്ളതാണ്. ക്വട്ടേഷൻ പ്രമാണം ആർ.ബി.ഡി.സി.കെ. ഓഫീസിൽ നിന്നും, ആർ.ബി.ഡി.സി.കെ. വെബ് സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച ക്വട്ടേഷൻ പ്രമാണം, ഫോട്ടോ തിരിച്ചറിയൽ കാർഡിന്റെ കോപ്പിയോട് കൂടി മുദ്ര വെച്ച കവറിൽ നിർദിഷ്ട
അവസാന സമയത്തിന് മുമ്പായി ആർ.ബി.ഡി.സി.കെ. ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കവറിന് പുറത്ത് "Quotation for sale of Tollbooth structure & roof truss at Mulamkunnathukavu and do not open before 11.11.2025 at 1:00 PM" എന്നെഴുതേണ്ടതാണ്.

2. ടെൻഡർ കമ്മിറ്റി (ആർ.ബി.ഡി.സി.കെ. യിലെ ഉദ്യോഗസ്ഥർ) തീരുമാനം അന്തിമവും പങ്കെടുക്കുന്ന എല്ലാവർക്കും ബാധകവും ആയിരിക്കും.

3. നടപടി ക്രമം

ആർ.ബി.ഡി.സി.കെ. ഓഫീസിൽ വച്ച് നിർദ്ദിഷ്ട ദിവസത്തിലും സമയത്തും മുദ്ര വച്ച കവറിലുള്ള ക്വട്ടേഷൻ തുറക്കുന്നതായിരിക്കും. മേൽ തീയതി എന്തെങ്കിലും വിധത്തിൽ അവധിയായാൽ തൊട്ടെടുത്ത പ്രവൃത്തി ദിവസം ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും.

4. പൊളിച്ചു നീക്കുന്ന വസ്തുക്കളുടെ ഒരു കിലോ തൂക്കത്തിന് അനുസൃതമായ തുകയാണ് ഓരോ കരാറുകാരനും വാഗ്ദാനം ചെയ്യേണ്ടത്. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന ആളെയായിരിക്കും വിജയി ആയി കണക്കാക്കുക. യഥാർത്ഥ തൂക്കത്തിന് അനുസരിച്ചുള്ള തുക കരാറുകാരൻ അടക്കേണ്ടതാണ്.

5. പൊളിച്ചു നീക്കുന്ന വസ്തുക്കളുടെ തൂക്കം കണക്കാക്കുന്നതിനുള്ള ക്രമീകരണങ്ങൾ കരാറുകാരൻ ചെയ്യേണ്ടതാണ്.

6. വിജയിക്കുന്നയാൾ ടെണ്ടർ തുകയും മേൽത്തുകയുടെ 10% അധിക തുകയും മേൽ നടപടികൾ പൂർത്തീകരിച്ച് നിർദ്ദേശിക്കുന്നതനുസരിച്ച് അടച്ച് വിൽപ്പന കരാർ ഒപ്പിടേണ്ടതാണ്.

7. 10% അധികത്തുക പദ്ധതി സ്ഥലത്തുനിന്നും സമയപരിധിക്കുള്ളിൽ Truss work പൊളിച്ചു നീക്കിയ ശേഷം തിരികെ നൽകുന്നതാണ്.

8. Truss work സമയപരിധിക്കുള്ളിൽ പൊളിച്ച് നീക്കം ചെയ്തില്ലെങ്കിൽ അതിനുശേഷമുള്ള ഓരോ ദിവസത്തിനും മേൽത്തുകയുടെ 10% വച്ച് കുറവ് ചെയ്യുന്നതും അത് പരമാവധി 3 ദിവസം മാത്രമായിരിക്കുകയും ചെയ്യും. മേൽ പറഞ്ഞ പരമാവധി ദിവസം ആകുമ്പോൾ ബാക്കി തുക കണ്ടുകെട്ടുന്നതും മേൽ പ്രവൃത്തി വേറൊരു ഏജൻസിയെക്കൊണ്ട് നടപ്പാക്കുന്നതും അതിനാൽ പ്രവൃത്തി എടുത്ത ആളിന് ഉണ്ടായേക്കാവുന്ന യാതൊരു നഷ്ടങ്ങളും പരിഗണിക്കുന്നതുമല്ല. ഈ തുക തികയാതെ വരികയാണെങ്കിൽ റവന്യൂ റിക്കവറി നടപടികളിലൂടെ പ്രസ്തുത തുക വസൂലാക്കുന്നതുമാണ്.

9. ആർ.ബി.ഡി.സി.കെ. ലെ ഉദ്യോഗസ്ഥരുടെ നിർദ്ദേശം ലഭിച്ചതിന് ശേഷം 10 ദിവസത്തിനകം Truss work ആർ.ബി.ഡി.സി.കെ. ലിമിറ്റഡിനോ പരിസരവാസികളുടെ വസ്തുവകകകൾക്കോ യാതൊരുവിധ നാശനഷ്ടങ്ങളും ഉണ്ടാക്കാതെ നീക്കം ചെയ്യേണ്ടതാണ്. എന്തെങ്കിലും നാശനഷ്ടങ്ങൾ ഉണ്ടാകുകയാണെങ്കിൽ കരാറുകാരന്റെ സ്വന്തം ചെലവിൽ വഹിക്കേണ്ടതായിരിക്കും.

10. പൂർണ്ണമായ അടങ്കൽത്തുകയും 10% അധികത്തുകയും അടക്കുന്നതനോടെ Truss work ന്റെ ഉടമസ്ഥാവകാശം കരാറുകാരനിൽ നിക്ഷിപ്തമാകുന്നതും അപ്പോൾ മുതൽ Truss work ന്റെ സംരക്ഷണ ചുമതലയും, അഗ്നിബാധ, കാറ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും അപ്രതീക്ഷിത ദുരന്തങ്ങൾ ഉണ്ടായാലും അതിൻമേൽ യാതൊരുവിധ ഉത്തരവാദിത്ത്വങ്ങളും ഏടുക്കുന്നതല്ല. കരാറുകാരൻ മേൽത്തുകയിൽ യാതൊരുവിധ അവകാശങ്ങളും ഉന്നയിക്കാൻ പാടില്ലാത്തതുമാകുന്നു.

11. മേൽ പ്രവർത്തിക്കുവേണ്ടി കരാറുകാരൻ നിയമിക്കുന്ന തൊഴിലാളികളുടെയും, ഇതുമായി ബനധപ്പെട്ട് പ്രവർത്തിക്കുന്ന കരാറുകാരൻ ഉൾപ്പെടെയുള്ളവരുടെയും സുരക്ഷയും വേതനവും, ഇഎസ്ഐ, പിഎഫ് തുടങ്ങിയ നിയമാനുസൃത അടവുകളും പൂർണമായും കരാറുകാരന്റെ ചുമതലയാണ്. അപകട നഷ്ട പരിഹാരം വ്യവഹാര ചിലവുകൾ തുടങ്ങി ആർ.ബി.ഡി.സി.കെ.യ്ക്ക് എന്തെങ്കിലും ചിലവുകൾ ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട് ഉണ്ടായാൽ അവ കരാറുകാരൻ മടക്കി നൽക്കേണ്ടതാണ്.

12. Truss work പൊളിച്ചു നീക്കം ചെയ്യുന്നതിനായി വൈദ്യുതി ലൈൻ അല്ലെങ്കിൽ മറ്റെതെങ്കിലും സർവീസ് ലൈനുകൾ സ്വിച്ച് ഓഫ് ചെയ്യുകയോ നീക്കം ചെയ്യുകയോ വേണ്ടിവന്നാൽ അത് കരാറുകാരന്റെ ചെലവിലും ഉത്തരവാദിത്ത്വത്തിലും ചെയ്യേണ്ടതാണ്. ഏതെങ്കിലും നാശനഷ്ടങ്ങളോ കേടുപാട് തീർക്കലോ മേൽപ്രവൃത്തിമൂലം ആവശ്യമായി വന്നാൽ അതിനുള്ള ചെലവ് കരാറുകാരൻ വഹിക്കേണ്ടതായിരിക്കും.

13. എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാവുകയാണെങ്കിൽ ടെൻഡർ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കുന്നതും അത് അനുസരിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

മേൽപ്പറഞ്ഞ നിബന്ധനകൾ അനുസരിക്കുന്നതിന് കരാറുകാരന് ബാധ്യത ഉണ്ടായിരിക്കുന്നതും അതിനുള്ള സമ്മതം എന്ന നിലയിൽ കരാറുകാരൻ ഈ ക്വട്ടേഷൻ ഫോമിന്റെ എല്ലാ പേജുകളിലും ഒപ്പിടേണ്ടതുമായിരിക്കും.

കരാറുകാരന്റെ ഒപ്പ്
(പേര്, മേൽ വിലാസം, ഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം:

തീയതി:

റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
(ഒരു കേരള സർക്കാർ സംരംഭം)
രണ്ടാം നില, പ്രീതി ബിൽഡിംഗ്, എം.വി. റോഡ്, പാലാരിവട്ടം, കൊച്ചി – 682 025
ഫോൺ: (484)2338205, 2338206, ഫാക്സ്: 2533294 വെബ്സൈറ്റ്: www.rbdck.com
E-mail:- rbdckltd@gmail.com

## പ്രൈസ് ബിഡ്

| ക്രമ നം. | വിവരണം | ഏകദേശ തൂക്കം (Kg) | തുക/കിലോ (Rs.) | ആകെ തുക (Rs.) (including GST) |
|---|---|---|---|---|
| 1 | Toll booth structure & Truss Work including roof sheet നീക്കം ചെയ്ത് കൊണ്ട് പോകുന്നതിന് | 3000 Kg | | |

തുക അക്ഷരത്തിൽ..................................................................................രൂപ

കരാറുകാരന്റെ ഒപ്പ്
(പേര്, മേൽ വിലാസം, ഫോൺ നമ്പർ ഉൾപ്പെടെ)

സ്ഥലം:
തീയതി: